# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1448** **10.02.2020 ൽ മറുപടിയ്ക്ക്**

**പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനു പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ. ദാസൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) & ബി) സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് പുതിയ പദ്ധതിയായ 'ജീവനി- നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൻ കീഴിൽ നിലവിലുള്ള പച്ചക്കറി വികസന പദ്ധതി ഘടകമായ "പ്രോജക്ട് അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി"- യിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പച്ചക്കറി കൃഷി നടപ്പിലാക്കി വരുന്നു. |
| ബി) പ്രസ്തുത പദ്ധതിയിലേയ്ക്കായി കൃഷി വകുപ്പിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുക; വിശദമാക്കാമോ? | പ്രസ്തുത സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി നടത്തുന്നതിന് ആവശ്യാനുസരണം ഉല്പാദനോപാധികൾ (വിത്ത്, വളം, പച്ചക്കറി തൈകൾ, കാർഷികോല്പാദനോപാധികൾ തുടങ്ങിയവ), തുള്ളിനന, തിരിനന, മഴമറ എന്നിവ ഉൾപ്പെടുത്തി പ്രോജക്ട് അടിസ്ഥാനത്തിൽ ധനസഹായം നൽകി വരുന്നു. |

Mayal

**സെക്ഷൻ ഓഫീസർ**